"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹ.മാവേലിക്കര സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 133/08 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ബാക്കി തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.593/2024/PWD തിരുവനന്തപുരം,തീയതി, 18-06-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1591/2016/പൊ.മ.വ. തീയതി 19.11.2016
2. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
3. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.06.2024 ലെ CEPWD/15731/2022-C3(F)-NH നമ്പർ കത്ത്

**ഉത്തരവ്**

ബഹ.മാവേലിക്കര സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം. 133/08 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം 69,339/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത കേസിൽ ബാക്കി തുകയായ 6,13,227/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹ.മാവേലിക്കര സബ്കോടതിയുടെ എൽ.എ.ആർ 133/08 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 6,13,227/- രൂപ (ആറ് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തേഴ് രൂപ മാത്രം) യുടെ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം

ജില്ലാകളക്ടർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ[D3/283/2016-PWD]

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 18-06-2024 19:24:34
സെക്ഷൻ ഓഫീസർ